ലബോറട്ടറി സൗകര്യങ്ങൾ

4(701) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ ആശുപത്രികളിലും ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്തത് പാവപ്പെട്ട രോഗികളുടെ ചികിത്സാ സൗകര്യം ഇല്ലാതാക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ലബോറട്ടറികളിൽ ഏകീകൃത നിരക്കില്ലാത്തതും അവയിൽ യോഗ്യരായ പരിശോധകരില്ലാത്തതും അവയുടെ പ്രവർത്തനത്തിന് മാനദണ്ഡങ്ങളില്ലാത്തതും, രോഗ നിർണ്ണയത്തിനുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങളെക്കുറിച്ച് ധാരാളം പരാതികൾ നിലനിൽക്കുന്നുമായ സാഹചര്യത്തിൽ പരിഹാര നടപടികൾ വിശദമാക്കുമോ ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും കുറഞ്ഞ ചെലവിൽ കാര്യക്ഷമതയുള്ള ലബോറട്ടറി സൗകര്യം ഏർപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ല/താലൂക്ക്/ജനറൽ ആശുപത്രികളിലും ലബോറട്ടറി സൗകര്യം ലഭ്യമാണ്. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യമൊരുക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) സർക്കാർ ആശുപത്രികളുടെയും ലബോറട്ടറികളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2013-ലെ കരട് ബിൽ നമ്പർ 230 ആയി നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ ലബോറട്ടറി സൗകര്യമില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ സൗജന്യ നിരക്കിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ദേശീയാരോഗ്യ ദൗത്യം മുഖേന സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly